

# TRUE LIGHT

Illuminating The Truth

Faith City Church
SAINT JOHN

September 2026

Editorial
When God melts a heart of stone — 3
Serin Toms

Pastor's Column
You are the salt and the light — 4
Pr. Sachin Mathew

സമയം നഷ്ടമാക്കരുത് — 5
Dr. Thomas Mammen

Heroes of Faith
Hudson Taylor - A life given for China — 7
Riya Reno

സ്ത്രീകൾക്ക് പാസ്റ്റർ പദവി നൽകാമോ ? — 9
Benjamin Edakkara

Perfection of God's will — 11
Prakash V Mathew

കേൾക്കാത്ത നിലവിളികൾ — 12
Susan Mathews

One yes can change a life — 13
Dinu Elizabeth Arun

ദൈവനാമവും ദൈവവചനവും വ്യഥാ പ്രയോഗിക്കരുത് — 14
Abey Pulpally

Share your blessings (Drawing) — 15
Johanna Toms

Testimony — 16
Stephy Johnson

Ignite 2026 - Golden Moments — 17
Faith City Church

Editorial



Serin Toms

# When God Melts a Heart of Stone



Some hearts are not cold by nature- they are wounded by life.

There are people who once loved without fear, trusted without hesitation, and gave without expecting anything in return. But somewhere along the journey, they were hurt.

A betrayal became a wall.
A disappointment became distance.
A rejection became silence.
And slowly, a heart that was once tender became hard like stone.

People may see the coldness, but God sees the tears behind it. Only God knows how many hearts are silently crying beneath a strong exterior.

Yet the beautiful truth is this: God is able to touch what life has hardened. “I will remove from you your heart of stone and give you a heart of flesh.” Ezekiel 36:26

God does not look at a hardened heart and say, “There is no hope.” He says, “Let Me make you new.” Joseph had every reason to become bitter. His own brothers betrayed him, he was sold as a slave, falsely accused, and forgotten in prison. But when he finally faced the people who had wounded him, he did not choose revenge.

“You intended to harm me, but God intended it for good.” Genesis 50:20

Joseph allowed God to turn his wounds into wisdom instead of allowing them to become bitterness.
Perhaps you are carrying a wound today that nobody knows about. Maybe someone you trusted broke your heart. Maybe life has disappointed you so many times that you stopped expecting anything good.

But listen carefully:
Your wound does not have to become your identity.
Your pain does not have to become your personality.
Your past does not have to determine your future.
The same God who came near to the brokenhearted is still near today.

“The Lord is close to the brokenhearted.”Psalm 34:18

Jesus was betrayed, rejected, mocked, and crucified.
Yet His final response was not hatred.
“Father, forgive them.” Luke 23:34

That is what God's love can do. It can take a heart that has every reason to become bitter and make it capable of loving again.

So, if life has made your heart hard, don't be ashamed to bring it to God.
Bring Him the anger.
Bring Him the memories.
Bring Him the disappointment.
Bring Him the unforgiveness.
Bring Him everything you have been carrying alone.

You don't have to heal yourself before coming to God. Come to Him wounded. Come to Him broken. Come to Him just as you are. The Potter is still working on the clay. “We are the clay, you are the potter; we are all the work of your hand.” Isaiah 64:8

What life has hardened, God can soften.
What pain has broken, God can heal.
What bitterness has consumed, God can restore.

And perhaps one day, the very heart that was once hardened by pain will become the heart that comforts someone else who is hurting. Because when God touches a heart of stone, He doesn't just make it soft - **He makes it a testimony.**






Pr. Sachin Mathew
Faith City Church

## You are the Salt and the Light !!

Jesus said, "You are the salt of the earth" and "You are the light of the world" (Matthew 5:13-16). These words are not merely a command; they are a declaration of identity. Jesus does not say, "Try to become salt," or "Work hard to become light." He says, "You are." Before He calls us to influence the world, He reminds us who we are in Him.

Salt has a quiet but powerful purpose. It preserves, seasons, and brings value. In the same way, the life of a believer should carry the preserving power of truth, the flavour of grace, and the evidence of Christlike character. In a world where values are easily diluted, Jesus calls His people to remain distinct-not harsh, proud, or judgmental, but faithful, pure, compassionate, and steady.




Salt is effective because it remains what it is. If it becomes mixed, weakened, or tasteless, it loses its purpose. This is a searching reminder for us. Our witness can become diluted by compromise, fear, bitterness, careless words, or spiritual neglect. We may still carry the name of Christian, but the question is whether people can taste the grace of Christ through our lives.

Jesus also calls us the light of the world. Light does not argue with darkness; it simply shines. Its presence brings direction, clarity, comfort, and hope. But light must not be hidden. A lamp placed under a bowl cannot bless the room. In the same way, our faith is not meant to be private in a way that becomes invisible. Our good works, our integrity, our forgiveness, our service, and our love are meant to point others to the Father.

"Salt works quietly. Light shines visibly. Both reveal what they are."

This identity is both a gift and a responsibility. We do not manufacture saltiness or light by our own strength. We receive our life from Christ. He is the true Light, and we shine because His life is in us. The closer we remain to Him, the clearer our witness becomes. The more we walk with Him, the more our words are seasoned with grace and our actions reflect His love.



Dr. Thomas Mammen

# സമയം നഷ്ടമാക്കരുത്

ആധുനികമനുഷ്യൻ ശാസ്ത്രസാങ്കേതികവിദ്യകളുടെ മാധുര്യം മതിയാവോളം ആസ്വദിക്കുന്നവരാണ്. ജീവിത സുഖസൗകര്യങ്ങൾക്കുള്ള സകലസൗകര്യങ്ങളും ടെക്നോളജി മനുഷ്യനു നൽകുന്നു. ചലിക്കുന്ന കളിപ്പാട്ടങ്ങൾ കൈയിലേന്തുന്ന കൊച്ചുകുട്ടികൾ മുതൽ മൊബൈൽ ഫോൺ എന്ന പുഷ്പവാടിയിൽ ഉലാവുന്ന വയോവൃദ്ധൻ വരെ. മാലോകരെല്ലാം ആധുനികതയിലെ പ്രതിദിന സന്ദർശകരാണ്. ഈ അവസരത്തിൽ നവമനുഷ്യൻ നേരിടുന്ന വെല്ലുവിളി സാമ്പത്തിക ഭാരമോ തൊഴിൽരാഹിത്യമോ ശാരീരിക ക്ലേശങ്ങളോ കുടുംബകാര്യങ്ങളോ അല്ല, അതിനെല്ലാം പോംവഴി ഇന്നു ധാരാളമായി ഉണ്ട്. എന്നാൽ മനുഷ്യനെ ത്രസിപ്പിക്കുന്നത് അവന് സമയം തികയുന്നില്ല എന്നതാണ്. ഒരു ദിവസത്തിന്റെ ദൈർഘ്യമായ 24 മണിക്കൂർ അൽപമെങ്കിലും വലിച്ചു നീട്ടുന്നതിനു ശാസ്ത്രത്തിനു സാധിക്കുന്നതുമില്ല. അങ്ങനെ വരുമ്പോൾ അഡ്ജസ്റ്റ്മെന്റ് എന്ന പരിപാടിക്ക് മനുഷ്യൻ നിർബന്ധിതനാകുന്നു. എന്നാൽ ജോലി, യാത്ര, വസ്ത്രം, ഭക്ഷണം എന്നിവയൊന്നും വെട്ടിക്കുറയ്ക്കുവാൻ സാധിക്കുകയുമില്ല. കാരണം അത് ജീവിതത്തിന്റെ സുഗമതയെ സാരമായി ബാധിക്കും. ഈ തരുണത്തിൽ സാധാരണയായി മനുഷ്യൻ വെട്ടിക്കുറയ്ക്കുന്നത് (cut short) ആത്മീയത്തിൽ മാത്രം. അങ്ങനെയാണ് ഒരു വ്യക്തി ആത്മീയതയിൽ നിന്ന് അനാത്മീയതയിലേക്ക് വഴുതിവീഴുന്നത്. ഇത് തിന്മയുടെ ശക്തിയുടെ ഒളിയമ്പും ആണ്.

ഇവിടെയാണ് തിരുവചനത്തിന്റെ പ്രത്യേകത 'ഇതു ദുഷ്ടകാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചുകൊള്ളുവിൻ (എഫെ: 5:16). കാരണം പരിശുദ്ധാത്മാവ് വ്യക്തമാക്കുന്നു ഇതു ദുഷ്ടകാലമാണ്. ആത്മീയവീക്ഷണത്തിൽ ദുഷ്ടകാലമെന്നത് കൃപായുഗത്തിന്റെ ഒടുവിലത്തെ സമയങ്ങൾ അതായത് ഭൂമിയിൽ ദൈവസ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന് ഒരു മധ്യവർത്തിയുടെയും സഹായമില്ലാതെ നേരിട്ട് ദൈവത്തോട് ബന്ധപ്പെടുവാൻ സ്വർഗ്ഗം നൽകിയിരിക്കുന്ന സുവർണ്ണകാലത്തിന്റെ അവസാനമത്രേ. ദുഷ്കാലത്തെക്കുറിച്ച് കൂടുതൽ വിശദീകരിക്കുവാൻ ഇവിടെ ആഗ്രഹിക്കുന്നില്ല. കാരണം അത് വിപുലമായ ഒരു ചിന്താവിഷയമാണ്. എന്നാൽ ഒറ്റ കാര്യത്തിൽ ബുദ്ധിയുള്ള മനുഷ്യന് ഇതു ദുഷ്കാലമെന്ന് ബോധ്യപ്പെടും. അതായത് മനുഷ്യനെ സർവ്വശക്തനായ ദൈവം തന്റെ സ്വരൂപത്തിൽ സാദൃശ്യത്തിൽ സൃഷ്ടിച്ചു. അനന്തരം ദൈവം മനുഷ്യന് ഒരു മഹാഭാവുകം നൽകി - സകലത്തിന്മേലും വാഴുക എന്നത് (ഉല്പത്തി 1:26). എന്തെന്നാൽ ഭൂമിയിലുള്ള സകലത്തിന്റേയും ആധിപത്യം മനുഷ്യനിൽ ആയിരിക്കണം. അവന്റെ കായബലത്തിലല്ല കാരണം മനുഷ്യനേക്കാൾ പതിന്മടങ്ങ് ശക്തിയുള്ള മറ്റ് സൃഷ്ടികളുമുണ്ട്. എന്നാൽ മനുഷ്യന് ദൈവം നൽകിയിരിക്കുന്നത് വികാസം പ്രാപിച്ച ന്യൂറോൺസിസ്റ്റം എന്ന ബുദ്ധി ശക്തിയാണ്. അതിനാലാണ് മനുഷ്യൻ എല്ലാറ്റിനേയും നിയന്ത്രിക്കുന്നത്. ഉദാഹരണമായി 6000 കിലോ തൂക്കമുള്ള കൊമ്പനാനയെ അതിന്റെ 100ൽ ഒന്ന് ഭാരമുള്ള മനുഷ്യൻ വരുതിയിൽ നിർത്തുന്നു. എന്നാൽ മനുഷ്യൻ തന്നെ തന്റെ ബുദ്ധിയെ നിശബ്ദമാക്കിക്കൊണ്ട് നിർമ്മിച്ച Artificial Intelligence- ൽ കൂടി ഇപ്പോൾ കാര്യങ്ങൾ ഭംഗിയായി നിർവ്വഹിക്കുവാൻ തുടങ്ങിയെങ്കിൽ അതിന്റെ പരോക്ഷമായ അർത്ഥം ദൈവം അവനു നൽകിയ ബുദ്ധിയിൽ കൂടിയുള്ള പ്രവർത്തിയെ സ്വയം മരവിപ്പിച്ചുകൊണ്ട് അവൻ നിർമ്മിച്ച യന്ത്രത്തെ പകരക്കാരനാക്കി ദൈവം നൽകിയ അനുഗ്രഹത്തെ സ്വയം അലക്ഷ്യമാക്കി എന്നാണ്. ഇതത്രേ ഒരു വിധത്തിൽ പറഞ്ഞാൽ ദുഷ്കാലം. ആയതിനാൽ ഈ വല്ലാത്ത നാളുകളിൽ വിളക്കുകളിൽ എണ്ണ കരുതിയ ബുദ്ധിയുള്ള കന്യകമാരെപ്പോലെ കൃപയിൽ കഴിയുന്ന ദൈവമക്കൾ **സമയം തക്കത്തിൽ ഉപയോഗിക്കണം.** അങ്ങനെ ചെയ്യുന്നതിന്റെ ഉത്തമമായ തെളിവാണ് ഉപാധികളില്ലാത്ത ദൈവാശ്രയം. (യഹോവയിൽ ആശ്രയിക്കുകയും യഹോവതന്നെ ആശ്രയമായിരിക്കുകയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ യിരെമ്യാ 17:7). ഇന്ന് ലോകപ്രകാരം

ജീവിതസാഫല്യത്തിന് ധാരാളം സാധ്യതകൾ ഉണ്ട് എങ്കിലും അതെല്ലാം മാഞ്ഞുപോകുന്ന നിഴൽ പോലെയാണ്. ഒന്നിനും ഒരു ഉറപ്പുമില്ല. മനുഷ്യന്റെ സ്വപ്നങ്ങൾ നിമിഷങ്ങൾക്കകം പൊലിഞ്ഞുപോകും. ഈ വരികൾ എഴുതുമ്പോൾ ഉണ്ടായ ഒരു ദുരന്തം ഓർമ്മിപ്പിക്കട്ടെ; നേപ്പാളിൽ സംഭവിച്ച മിന്നൽ പ്രളയം എത്രയെത്ര ജീവനുകൾ കണ്ണടച്ചു തുറക്കും മുമ്പേ വെള്ളത്തിൽ ഒഴുകിപ്പോയി. ഒരു ബുദ്ധിശക്തിക്കും ആ വിപത്തിനെ മുൻകൂട്ടി കാണുവാൻ കഴിഞ്ഞില്ല. ഇപ്രകാരം ജീവിതത്തിന് എതിരെ വരുന്ന പ്രതികൂലങ്ങളെ തരണം ചെയ്യുവാൻ ദൈവാശ്രയത്തിനു മാത്രമേ സാധിക്കുകയുള്ളൂ.

ദൈവത്തിൽ ആശ്രയിക്കുന്നതിന്റെ പ്രധാനമായ ലക്ഷണം ആണ് സത്യാരാധന. അത് ദൈവാഗ്രഹത്തിന്റെ അടയാളവുമാണ് (യോഹ 4:24). ഹോരേബ് പർവ്വതത്തിൽ വച്ച് മോശ യഹോവയോടു ചോദിച്ചു, വിക്കനായ ഞാൻ ശക്തനായ ഫറവോന്റെ കൈയിൽ നിന്നും ഇസ്രായേലിനെ വിടുവിക്കും എന്നതിന് എന്ത് അടയാളം? യഹോവ നൽകിയ മറുപടി 'നീ ഈ പർവ്വതത്തിൽ ദൈവത്തെ ആരാധിക്കും' (പുറ: 3:12). മാസിഡോണിയൻ ജയിലിൽ ചങ്ങലയാൽ ബന്ധിതനായിരുന്ന പൗലോസ് ദൈവാശ്രയത്തിന്റെ അടയാളമായി ദൈവത്തെ ആരാധിച്ചപ്പോൾ ബന്ധനങ്ങൾ അഴിഞ്ഞു (അപ്പോ: 15:16).

ഏതുകാരണത്താലും ആരാധന അലക്ഷ്യമാക്കുമ്പോൾ ആ വ്യക്തി ദൈവാശ്രയത്തിൽ നിന്നും അകന്നു മാറുകയാണ്. ഒരു ഗിറ്റാറിന്റെ തന്ത്രികൾ അയയുമ്പോൾ അപസ്വരങ്ങൾ ഉയരുന്നതുപോലെ ആരാധനയും ദൈവാശ്രയവും അലക്ഷ്യമാക്കുമ്പോൾ ജീവിതപരാജയത്തിന്റെ വികലസ്വരങ്ങൾ ഉയരും. ആകയാൽ ഈ ദുഷ്കാലത്ത് ആത്മീയരായ ദൈവമക്കൾ സമയം തക്കത്തിൽ ഉപയോഗിക്കുവാൻ വളരെ നിഷ്കർഷതയോടെ ജീവിതം ക്രമപ്പെടുത്തണം.

ഷാലോം.





# HUDSON TAYLOR
## A Life Given for China



Riya Reno

There are some people whose lives remind us that faith is not simply something we believe. It is something we live. **James Hudson Taylor** was one of those people.

Born in England in 1832, Hudson Taylor grew up in a Christian home. From a very young age, China was placed on his heart. But as a teenager, his faith became distant. He began questioning God and decided that he wanted to live for himself. Yet God had not forgotten him.

At the age of seventeen, Hudson picked up a small Gospel tract titled "It Is Finished." As he read about the finished work of Christ, one question came to his mind: What was finished? That afternoon, Hudson Taylor surrendered his life to Jesus Christ.

At the very same time, hundreds of kilometres away, his mother was praying for his salvation. She had locked herself in a room and told God that she would not leave until she knew her son had come to Christ. When Hudson finally told her what had happened, she already knew. She had been rejoicing because God had answered her prayer.

From that moment, Hudson's life began to change. He felt God calling him to China, and he began preparing himself not only spiritually, but physically and practically. He studied the Chinese language, learned medicine, preached the Gospel, distributed Christian literature, and trained himself to live simply.

In 1853, at only twenty one years old, Hudson Taylor sailed for China. China was not what he had imagined. He faced sickness, loneliness, poverty, opposition, financial uncertainty, dangerous journeys, and the constant reality of death. There were times when people rejected him, threw stones at him, or refused even to listen to him. But he kept going.

Taylor eventually adopted Chinese clothing and lived among the people he had come to serve. He travelled through villages where few, if any, missionaries had ever gone. He preached, treated the sick, distributed books, and simply made himself available to people who had never heard the Gospel.

His faith was repeatedly tested. There were times when he had almost no money. There were times when his health failed. He lost children and later lost his beloved first wife, Maria, after years of illness. He experienced opposition even from other Christians. His mission work was attacked, his home was burned, and his reputation was questioned. Yet through all of it, he continued to trust God.

In 1865, while walking along the beach at Brighton in England, Hudson Taylor felt deeply burdened for the millions of people in China's inland provinces who had never heard the Gospel. He prayed for twenty four workers to go with him. That prayer became the beginning of the China Inland Mission.

What began with a burden in one man's heart grew into a movement that sent hundreds of missionaries into the interior of China. Taylor trusted God to provide the workers and the finances needed for the work.

But perhaps the greatest lesson of Hudson Taylor's life was not how much he accomplished. It was who he depended on.

After years of carrying the weight of ministry, Taylor reached a point where he realized that he could not continue in his own strength. He learned to rest in Christ, to stop trying to accomplish God's work through human strength, and instead depend completely upon Him.

His life became a picture of surrendered faith. He could not always understand what God was doing. He could not always see the answer. He could not always change the circumstances. But he could trust.

During the Boxer Rebellion, when many missionaries and Chinese Christians were facing terrible persecution and many were killed, Taylor's response showed the depth of his faith. He said, "I cannot read, I cannot pray, I can scarcely think, but I can trust."
Those words capture the heart of his life. He could not always understand what God was doing, but he continued to trust Him.

Hudson Taylor continued serving in China for more than fifty years. He travelled thousands of miles, helped establish mission stations, trained Chinese Christians, encouraged missionaries, and brought the Gospel to places where it had scarcely been heard.

He died in Changsha, China, on June 3, 1905. He had spent more than fifty years serving the people of China. He did not live a comfortable life. He gave up security, possessions, health, family comfort, and eventually his own strength for the sake of Christ and the people God had placed on his heart.

His story leaves us with a question. What are we willing to give to God?

We may not all be called to China. We may not all be called to become missionaries in another country. But every Christian is called to live for Christ. Sometimes our mission field is a foreign country. Sometimes it is our university. Sometimes it is our workplace. Sometimes it is our neighbourhood. Sometimes it is simply the person sitting beside us who needs to know that Jesus loves them.

Hudson Taylor's life reminds us that God does not need someone who has everything figured out. He needs someone who is willing to say, "Yes, Lord." The question is not whether we are capable enough. The question is whether we are willing.

The words of Jesus still speak to us today: "Go into all the world and preach the gospel to all creation." Mark 16:15

Hudson Taylor heard that call and gave his life to it. May his story challenge us not simply to admire his faith, but to examine our own. There are still people who have never heard. There are still places where Christ is not known. There are still lives waiting for someone to bring hope.

So perhaps the question God is asking each of us is not, "Are you ready?" Perhaps He is simply asking, "Will you go?"

And may our answer be the same as Isaiah's:

**"Here am I. Send me!" Isaiah 6:8**



HUDSON TAYLOR
1832 - 1905

# സ്ത്രീകൾക്ക് പാസ്റ്റർ പദവി നൽകാമോ ?




Benjamin Edakkara

ദൈവ സഭകളിൽ സ്ത്രീ പാസ്റ്റർമാർക്ക് നിയമനം നൽകുന്ന വാർത്തകൾ കേട്ടപ്പോൾ ഓർമ്മയിൽ വന്ന ഒരു ദൈവ വചനമാണ് യെശയ്യാവ് 3:12 'എന്റെ ജനമോ, കുട്ടികൾ അവരെ പീഡിപ്പിക്കുന്നു; സ്ത്രീകൾ അവരെ വാഴുന്നു; എന്റെ ജനമേ, നിന്നെ നടത്തുന്നവർ നിന്നെ വഴിതെറ്റിക്കുന്നു; നീ നടക്കേണ്ടുന്ന വഴി അവർ നശിപ്പിക്കുന്നു'. ദൈവാധിപത്യത്തിലുള്ള തന്റെ ജനം അധഃപതിച്ചതും തലകീഴ്മറിഞ്ഞതുമായ ഒരു സമൂഹ വ്യവസ്ഥയിലേക്ക് കൂപ്പുകുത്തിയപ്പോഴാണ് ദൈവത്തിന്റെ ന്യായവിധി കാരണം അവരുടെ ഇടയിൽ ശിശുക്കളും, സ്ത്രീകളും വാഴാൻ ഇടയായത് (3:2-15).

ദൈവ സഭയുടെ നേതൃത്വം ഇതേപോലെ കുത്തഴിഞ്ഞ അവസ്ഥയിൽ എത്തിയപ്പോൾ ഈ പ്രവചനത്തിന്റെ ആത്യന്തിക നിവർത്തിയുടെ പൂർത്തീകരണത്തിന്റെ ഭാഗമായി ദൈവസഭക്കുള്ളിലേക്കും അത് കടന്നിരിക്കുകയാണ്. മാനസാന്തരപ്പെടാഞ്ഞതിനാൽ ഇന്ന് നിലവിളക്കു (സഭ) അതിന്റെ നിലയിൽ നിന്നു നീക്കിയ അവസ്ഥയിലാണ് (വെളി.2:5). അടുത്തിടയാണല്ലോ സഭയുടെ സംരക്ഷണത്തിന് ക്രിസ്തുവിനൊപ്പം ഒരു MLA കൂടി വേണമെന്ന് 'കൃപാവര പ്രാപ്തരായ ചില അഭിഷിക്തന്മാർ' പരസ്യ പ്രസ്താവന നടത്തിയത്. ഇപ്പോഴിതാ സ്ത്രീകൾ വാഴുമെന്ന ദൈവിക ന്യായവിധി സഭക്കുള്ളിലേക്കും കൈനീട്ടിയിരിക്കുന്നു. ഒരു പക്ഷെ യെശയ്യാവിലൂടെയുള്ള പ്രവചനം നമ്മൾക്കെങ്ങനെ ബാധകമാകും എന്ന് ചിന്തിക്കുന്നവർ കണ്ടേക്കാം. എന്നാൽ പഴയനിയമ പ്രവചനങ്ങൾക്ക് ഉടനടിയുള്ളതും എന്നാൽ അന്തിമവുമായ (ദ്വിതീയമായ) രണ്ട് നിറവേറലുകൾ ഉണ്ട്. ഈ അന്ത്യ കാലത്ത് (2 തിമൊ. 3), ഈ പ്രവചനത്തിന്റെ അന്തിമമായ നിറവേറലാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്.

ഇനി വിഷയത്തിലേക്ക് വരട്ടെ. വിശ്വാസിനിയായ ഒരു സ്ത്രീക്ക് പാസ്റ്റർ ആകാമോ എന്നതാണല്ലോ നമ്മുടെ മുമ്പിലുള്ള ചോദ്യം. ഇതിനെ അനുകൂലിക്കുന്നവർ പറയുന്നത്: ബൈബിളിൽ സ്ത്രീ പാസ്റ്ററാകണം എന്ന് നേരിട്ട് പറയുന്ന ഒരു വാക്യം ഇല്ല, അതുപോലെ സ്ത്രീക്ക് സഭയുടെ പാസ്റ്ററാകാൻ ഒരിക്കലും പാടില്ല എന്നും പറഞ്ഞിട്ടില്ല എന്നാണ്. അതിനാൽ പുതിയ നിയമ സഭയിൽ വിവിധ ശുശ്രൂഷകൾ വഹിച്ചിട്ടുള്ള സ്ത്രീകളെ ചൂണ്ടിക്കാണിച്ചു കൊണ്ട് 'സ്ത്രീക്ക് സഭയുടെ പാസ്റ്ററുമാകാം' എന്ന് അവർ സ്ഥാപിക്കാൻ ശ്രമിക്കുകയാണ്.

അതിനായി അവർ 'നമ്മുടെ സഹോദരിയും കെംക്രെയ സഭയിലെ ശുശ്രൂഷക്കാരത്തിയുമായ (Deacon) ഫേബയെയും, യൂനിയയെയും (റോമർ 16:1,7) കൂട്ട് പിടിക്കാറുണ്ട്. അതുപോലെ അപ്പോസ്തലപ്രവൃത്തി 18:26 ഉദ്ധരിച്ചു 'പ്രിസ്കില്ല' ഒരു പുരുഷ പ്രസംഗകനെ പഠിപ്പിച്ചു എന്ന് വരെ വാദിക്കാറുണ്ട്. ഇതിനിടയിൽ അവരുടെ ഭർത്താവായ 'അക്വിലാസിനെ' സൗകര്യപൂർവ്വം മാറ്റി നിർത്തുന്നു. എന്തായാലും 'സ്ത്രീയുടെ തല പുരുഷനാകുന്നു' എന്ന ബൈബിൾ ക്രമം പാലിക്കാത്തവൾ ആണ് പ്രിസ്കില്ല എന്ന് ആരും പറയില്ല. പുരുഷന്മാരെപ്പോലെ ആത്മനിറവു പ്രാപിച്ചതും പ്രവചിച്ചതുമായ സ്ത്രീകളെയും അവർ പാസ്റ്റർമാരുടെ ഗണത്തിൽ പെടുത്തുന്നു. ദൈവസഭയിലെ കൃപാവര ശുശ്രൂഷയും പാസ്റ്റർ പദവിയും ഒന്നാണെന്നുള്ള തെറ്റായ ധാരണയിൽ നിന്നോ, മനപൂർവ്വം തങ്ങൾ പറയുന്നത് സ്ഥാപിക്കുന്നതിനോ ആണ് അങ്ങനെയുള്ളവർ ഈ വാദഗതി ഉന്നയിക്കുന്നത്.

അതുപോലെ, 2 യോഹന്നാൻ 1:14 ഭാഗത്ത് പരാമർശിച്ചിരിക്കുന്ന സ്ത്രീ 'പാസ്റ്റർ' അല്ലെ എന്ന് സംശയിക്കുന്നവരുണ്ട്. എന്നാൽ അവിടെ 'മൂപ്പനായ ഞാൻ' എന്ന് വിശേഷിപ്പിക്കുന്നത് ലേഖനം എഴുതുന്ന യോഹന്നാൻ അപ്പൊസ്തലനെ തന്നെയാണ്. ആ സ്ത്രീയെ 'മാന്യനായകിയാർ' (Elect lady) എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. 'മാന്യ നായകിയാർ' എന്നതിന് മൂല ഗ്രീക്ക് ഭാഷയിൽ ഉപയോഗിച്ചിരിക്കുന്ന പദം 'IvD-cn-bm-" (Kyria - Kupíα) എന്നാണ്. ഇതിന്റെ അർത്ഥം 'മാന്യയായ സ്ത്രീ' (Lady) അല്ലെങ്കിൽ 'യജമാനത്തി' എന്നാണ്. ചുരുക്കത്തിൽ, പ്രസ്തുത ബൈബിൾ ഭാഗത്ത് ഈ സ്ത്രീയെ പാസ്റ്റർ എന്നോ മൂപ്പൻ എന്നോ വിളിച്ച് പരാമർശിക്കുന്നില്ല.

പുതിയ നിയമം മുഴുവൻ പരിശോധിച്ചാൽ വിവിധ കൃപാവര ശശ്രൂഷകളിൽ നിന്നും വ്യത്യസ്തമായി പാസ്റ്റർ

എന്ന പദവി സഭയുടെ തലവനുള്ളതാണെന്നു കാണാൻ സാധിക്കും. ദൈവ സഭയ്ക്കു ദൈവ നിയമിച്ച ഒരു ORDER ഉണ്ട്. അത് സ്ത്രീയ്ക്കും പുരുഷനുമെന്നല്ല വിവിധ OFFICE കൾ തമ്മിലും, കൃപാവര പ്രാപ്തരുടെ പ്രവർത്തനം സംബന്ധിച്ചും ഒരു ക്രമമുണ്ട്. എല്ലാവരും ക്രിസ്തുവിൽ ഒന്നാണു താനും. ദൈവ സഭയുടെ നടത്തിപ്പിന് ദൈവം നൽകിയിരിക്കുന്ന ക്രമപ്രകാരം (ORDER) ഒരു സഭയുടെ തലയാണ് പാസ്റ്റർ. 1 കൊരിന്ത്യർ 11:3 ഈ ORDER മനസ്സിലാക്കാൻ പറ്റിയ വചനമാണ്: 'എന്നാൽ ഏതു പുരുഷന്റെയും തല ക്രിസ്തു, സ്ത്രീയുടെ തല പുരുഷൻ, ക്രിസ്തുവിന്റെ തല ദൈവം എന്നു നിങ്ങൾ അറിയേണം എന്നു ഞാൻ ആഗ്രഹിക്കുന്നു'.

ഇവിടെ ക്രിസ്തുവിന്റെ തല ദൈവം എന്നാണ് പറയുന്നത്. ത്രീയേക ദൈവ വിശ്വാസികളായ എല്ലാവർക്കും ക്രിസ്തു ദൈവം ആണെന്നറിയാം. യോഹന്നാൻ അത് വ്യക്തമായി പറഞ്ഞിട്ടുമുണ്ട് (1:1). അങ്ങനെയെങ്കിൽ ക്രിസ്തുവിന്റെ തലയാണ് ദൈവം എന്ന് പറയുന്നത് വൈരുധ്യമല്ലേ? ഒരിക്കലുമല്ല, മനുഷ്യവർഗ്ഗത്തിന്റെ രക്ഷണ്യ പ്രവർത്തിയോടുള്ള ബന്ധത്തിലുള്ള നടപടി ക്രമത്തിലാണ് ക്രിസ്തുവിന്റെ തല ദൈവം എന്ന് പറയുന്നത്.

അതുപോലെ ഉൽപത്തി 1:27 ൽ 'ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു, ദൈവത്തിന്റെ സ്വരൂപത്തിൽ അവനെ സൃഷ്ടിച്ചു, ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു' എന്ന് പറയുമ്പോൾ ദൈവമുമ്പാകെ അവർ ഒന്നാണെന്നാണ് അത് വ്യക്തമാക്കുന്നത്. എന്നാൽ ദൈവം അവർക്കു നിയമിച്ചിട്ടുള്ള നടപടി ക്രമത്തിൽ സ്ത്രീയുടെ തല പുരുഷൻ ആണ്. ഉദാഹരണത്തിന് അവർ സന്താനപുഷ്ടിയുള്ളവരായി ഭൂമിയിൽ പെരുകി നിറയാൻ ദൈവം കൽപിച്ചപ്പോൾ അതിനുള്ള നടപടി ക്രമമനുസരിച്ചു പുരുഷനിൽ നിന്നും സ്ത്രീയാണ് ഗർഭം ധരിക്കുന്നതു (സ്വീകരിക്കുന്നത്). പത്തു മാസം കുഞ്ഞിനെ CARRY ചെയ്യുന്നതും അതിനെ മുലയൂട്ടി വളർത്തുന്നതും അമ്മയാണ്. തുല്യതയുടെ പേരിൽ ഈ ചുമതലകൾ വെച്ചുമാറാൻ സാധ്യമല്ല. ചുരുക്കത്തിൽ ഒരു കുടുംബത്തിന്റെ FUNCTION ൽ അതിന്റെ തല പുരുഷനാണ്. നാളെമുതൽ ഞങ്ങളുടെ അമ്മ അപ്പനായാൽ കുഴപ്പമില്ല എന്ന് പറയുന്നതുപോലെയാണ് ചിലർ നാളെമുതൽ ഞങ്ങളുടെ പാസ്റ്റർ സ്ത്രീയായാൽ കുഴപ്പമില്ല എന്ന് പറയുന്നത്.

തിരുവചനത്തിൽ നോക്കുമ്പോൾ മൂപ്പൻ (അധ്യക്ഷൻ) ഏകഭാര്യയുടെ ഭർത്താവായിരിക്കണമെന്നു വ്യക്തമായി പറയുന്നുണ്ട് (1 തിമോ.3:2,12, തീത്തോസ് 1:6). ഇനിയും FEMINIST കൾക്കുവേണ്ടി ബൈബിളിലെ ദൈവത്തെ സ്ത്രീയായി വിവർത്തനം ചെയ്തു ഒരു പുസ്തകം ഇറക്കിയാൽ അതിൽ മൂപ്പി അല്ലെങ്കിൽ അധ്യക്ഷ ഏക ഭർത്താവിന്റെ ഭാര്യ ആയിരിക്കണം എന്നായിരിക്കും ഉണ്ടായിരിക്കുക.

മൂലഭാഷ പ്രകാരം പരിഭാഷപ്പെടുത്തിയ ബൈബിളിൽ എങ്ങും സ്ത്രീകൾ പാസ്റ്റർമാരായതായി കാണാത്തതിനാൽ മനുഷ്യ സംസ്കാരത്തിന്റെ മാറ്റങ്ങൾക്കനുസരിച്ചു തിരുവചന സത്യങ്ങളെ തിരുത്തിയെഴുതാൻ ദൈവം ആരെയും അധികാരപ്പെടുത്തിയിട്ടില്ല. പകരം അതിശക്തമായ മുന്നറിയിപ്പാണ് വെളിപ്പാട് 22:18,19 ൽ യേശു കർത്താവു നൽകിയിരിക്കുന്നത്. 'ഈ പുസ്തകത്തിലെ പ്രവചനം കേൾക്കുന്ന ഏവനോടും ഞാൻ സാക്ഷീകരിക്കുന്നതെന്തെന്നാൽ: അതിനോടു ആരെങ്കിലും കൂട്ടിയാൽ ഈ പുസ്തകത്തിൽ എഴുതിയ ബാധകളെ ദൈവം അവന്നു വരുത്തും. ഈ പ്രവചന പുസ്തകത്തിലെ വചനത്തിൽ നിന്നു ആരെങ്കിലും വല്ലതും നീക്കിക്കളഞ്ഞാൽ ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്ന ജീവവൃക്ഷത്തിലും വിശുദ്ധനഗരത്തിലും അവന്നുള്ള അംശം ദൈവം നീക്കിക്കളയും' എന്നാണ്. ഇതിനോട് ചേർത്ത് ആവർത്തനം 4:2,12:32, സദൃ. 30:56 ഉം വായിക്കുക.

'ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും; എന്റെ വചനങ്ങളോ ഒഴിഞ്ഞു പോകയില്ല' എന്ന് കർത്താവു പറഞ്ഞിട്ടുണ്ടെങ്കിലും വക്രതയും കോട്ടവുമുള്ള ഈ അന്ത്യകാല തലമുറ അവരുടെ ഇംഗിതത്തിനനുസരിച്ചു അതിന്റെ പരിഭാഷ മാറ്റില്ലെന്ന് അതിനർത്ഥമില്ല. അതുകൊണ്ടു ഇക്കാലത്തു നമ്മൾ വായിക്കുന്ന തിരുവചനം മൂലഭാഷയുമായി പൊരുത്തപ്പെടുന്നവയാണോ എന്ന് കൂടി ശോധന ചെയ്തു വേണം ഉപയോഗിക്കാൻ. ചുരുക്കത്തിൽ പറഞ്ഞാൽ, എല്ലാ പാസ്റ്റർമാരും ശുശ്രൂഷകന്മാരാണ്; എന്നാൽ എല്ലാ ശുശ്രൂഷകന്മാരും പാസ്റ്റർമാരല്ല എന്നാണ് തിരുവചനം നമ്മെ പഠിപ്പിക്കുന്നത്.





Prakash V Mathew

# Perfection of GOD'S will

**"Commit to the Lord whatever you do, and He will establish your plans."(Proverbs 16:3)**

Submission to God's will requires humility- an acknowledgement that we do not control outcomes. Yet, this surrender brings peace. When we trust God's plan, anxiety gives way to assurance, and striving gives way to rest.

While human achievements fade away, obedience to God bears fruit beyond this life. Hagar could have questioned the commands of Abraham to leave the house, with Ismael. But she never did it; just obeyed.. ! Results were far reaching and promises, miraculous! She just obeyed and waited.

Those who walk in God's purpose may not always see immediate results, but their lives gain eternal significance. Even suffering, when entrusted to God is not wasted. Joseph endured many difficulties, but all turned out for good. We may not comprehend the relevance and meaning of many obstacles. But in due time, we will see the beautiful outcome.

**God's will is always perfect. Let's trust Him at all times.**







Susan Mathews

# കേൾക്കാത്ത നിലവിളികൾ

ഉള്ളിന്റെ ഉള്ളിൽ നൊമ്പരങ്ങൾ ഉണ്ടേറെ
കേൾക്കുവാനായ് ആരുമില്ല നാഥാ എൻ നിലവിളി
മനസ്സിന്റെ ഉള്ളിൽ കിടക്കുന്ന സങ്കടങ്ങൾ
വേദനയായ് എൻ നിലവിളി ശബ്ദങ്ങൾ
കേൾക്കുവാനായ് വന്നീടൂ എൻ യേശുവേ

ജീവിത യാത്രയിൽ മറന്നുപോയ് എൻ ലക്ഷ്യം
വിവശനായ് ഏകനായ് ഓടി ഞാൻ ബഹുദൂരം
കാലുകൾ ഏറെ തളർന്നു എന്റെ
പാണികൾ  കുഴഞ്ഞു എൻ ശബ്ദവും
കേൾക്കുവാനായ് വന്നീടൂ നാഥാ എൻ നിലവിളി

പാപവഴികൾ വെടിയുവാൻ ശ്രമിച്ചു ഞാൻ
പ്രാർത്ഥനയിൽ വളരുവാൻ നോക്കി അനുദിനം
ഹൃദയത്തിന്റെ അടിയിൽ ഒളിഞ്ഞ പാപങ്ങൾ
ഏറ്റു പറയാതെ ഓടി ഞാൻ ബഹുദൂരം
പൊറുക്കൂ നാഥാ പാപങ്ങൾ ക്ഷമിക്കൂ എൻ യേശുവേ

മിത്രങ്ങൾ വെറുത്തു ബന്ധങ്ങൾ അറ്റുപോയ്
സ്വാർത്ഥമായ് പലരേയും നോവിച്ചു ഞാൻ
ക്ഷമ ചോദിക്കുവാൻ പകച്ചു നിന്ന നേരം
ഉള്ളം പിടഞ്ഞു ഉറക്കെ കരഞ്ഞു ഞാൻ
ആരുമില്ല നാഥാ കേൾക്കുവാനായ് എൻ നിലവിളി

ചിന്തിച്ചു ഞാൻ പല നാളുകൾ ക്രൂശിതനെ
എൻ പാപം ക്ഷമിക്കുവാനായ് മരിച്ച നാഥനെ
ഒഴിഞ്ഞൊരു കല്ലറയും ഉച്ചത്തിൽ ആർക്കുന്നു
ക്ഷമിക്കണേ നാഥാ എൻ പാപം പൊറുക്കണേ
എനിക്കായ് മരിച്ച നാഥാ കേൾക്കണേ എൻ നിലവിളി



Dinu Elizabeth Arun

# one yes! can change a life

When Simple Obedience Becomes Part of God's Greater Purpose. We often think God's purpose will come through a dramatic moment, but throughout Scripture, some of the greatest stories began with one simple act of obedience.

Mary did not know everything that would follow when she surrendered to God's plan. Yet in Luke 1:38, she responded as the Lord's servant, willing to accept what God had asked of her.

Ruth's decision to remain with Naomi also seemed simple at the time. She could not see how that choice would shape her future or place her within the lineage of Christ. She simply chose faithfulness.

Samuel was still young when he answered, "Speak, for your servant is listening" (1 Samuel 3:10). He did not yet know the prophet he would become. He only knew that God was calling.

The disciples experienced the same thing. Jesus said, "Follow me," and they left their nets behind. They did not know where that decision would lead, but their yes became part of a mission that would reach generations.

**These stories remind us of an important truth:**
Obedience does not require us to see the whole journey. It requires us to trust the One who does.

Many of us hesitate because we want certainty before we move. We ask, "What if I fail?" "What if I am not ready?" "What if I do not know what comes next?"
But faith often begins before the full picture is visible.
Mary could not see the entire road ahead.

Ruth could not see generations into the future. Samuel could not see the calling that would unfold. The disciples could not see how far their obedience would take them.

They simply took the next faithful step.
Perhaps God is not asking you today to understand everything. Perhaps He is only asking you to listen, trust, and respond.

Do not underestimate a small act of obedience. You may see only one decision. God may already see the lives it will touch.

Sometimes, a life-changing story begins with one simple word:

yes!

yes!

yes!

yes!

yes!


Abey Pulpally

# ദൈവനാമവും ദൈവവചനവും വൃഥാ പ്രയോഗിക്കരുത്

**നിന്റെ ദൈവമായ യഹോവയുടെ നാമം നീ വൃഥാ എടുക്കരുതു; തന്റെ നാമം വൃഥാ എടുക്കുന്നവനെ യഹോവ ശിക്ഷിക്കാതെ വിടുകയില്ല (പുറപ്പാട് 20:7).**

പത്തു കൽപനകളിൽ ഏറ്റവും ഗൗരവമുള്ള നിർദ്ദേശങ്ങളിലൊന്നാണ് ഇത്. ഇത് വെറും ദൈവത്തിന്റെ പേര് ഉച്ചരിക്കരുത് എന്ന അർത്ഥത്തിൽ മാത്രം ചുരുങ്ങുന്നില്ല. മറിച്ച്, ദൈവത്തിന്റെ നാമത്തെയും ദൈവവചനത്തെയും ഏതൊരു സ്വാർത്ഥ ലക്ഷ്യത്തിനും, വികാര പ്രകടനത്തിനും, അല്ലെങ്കിൽ തെറ്റായ ന്യായീകരണങ്ങൾക്കും ഉപയോഗിക്കരുത് എന്നതാണ് ഇതിന്റെ ആഴത്തിലുള്ള സന്ദേശം.

## ദൈവനാമം  വിശുദ്ധതയുടെ പ്രതീകം

ദൈവത്തിന്റെ നാമം ഒരു വാക്ക് മാത്രമല്ല; അത് വിശുദ്ധിയുടെ, സത്യത്തിന്റെ, നീതിയുടെ പ്രതീകമാണ്. അതിനാൽ അതിനെ ലഘുവായി ഉപയോഗിക്കുന്നത് ആത്മീയ ഗൗരവത്തെ തന്നെ അവഗണിക്കുന്നതിനോട് തുല്യമാണ്. ദൈവനാമം ഉപയോഗിച്ച് തെറ്റിനെ ന്യായീകരിക്കുമ്പോഴും, കള്ളത്തിനും കപടതയ്ക്കും ആത്മീയ മുഖം നൽകുമ്പോഴും, അത് വിശുദ്ധതയുടെ ലംഘനമായി മാറുന്നു.

## വചനത്തിന്റെ ദുരുപയോഗം  ആത്മീയ ഉത്തരവാദിത്വത്തിന്റെ ലംഘനം

ദൈവവചനം മനുഷ്യനെ നിയന്ത്രിക്കാനോ, വ്യക്തിപരമായ അഭിപ്രായങ്ങളെ ദൈവത്തിന്റെ വാക്ക് എന്ന് പ്രഖ്യാപിക്കാനോ ഉള്ള ഉപകരണം അല്ല. വചനം സത്യം വെളിപ്പെടുത്താനും, മനുഷ്യനെ തിരുത്താനും, ജീവിതം നയിക്കാനുമുള്ളതാണ്. അത് മറ്റുള്ളവരെ ഭീഷണിപ്പെടുത്താനും, വിഭാഗീയത സൃഷ്ടിക്കാനും, അല്ലെങ്കിൽ വ്യക്തിപരമായ അജണ്ടകൾ ന്യായീകരിക്കാനും ഉപയോഗിക്കുമ്പോൾ, അത് വചനത്തിന്റെ യഥാർത്ഥ ആത്മാവിനെ തന്നെ വികൃതമാക്കുന്നു.

## ദൈവത്തിന്റെ നാമം കളിയല്ല, ഉത്തരവാദിത്വമാണ്

ദൈവനാമം ഉപയോഗിക്കുന്ന ഓരോ വാക്കിനും ഉത്തരവാദിത്വമുണ്ട്. അത് പറയുന്നവൻ തന്റെ ജീവിതത്തിലൂടെ അതിന് സാക്ഷ്യം വഹിക്കേണ്ടതാണ്. വിശുദ്ധ നാമം വായിൽ മാത്രം ഉണ്ടാകുകയും, ജീവിതത്തിൽ അതിന് യാതൊരു പ്രതിഫലനവും ഇല്ലാതിരിക്കുകയും ചെയ്യുമ്പോൾ അത് ആത്മീയ കപടതയായി മാറുന്നു.

## സത്യാരാധനയുടെ അടയാളം

യഥാർത്ഥ ആത്മീയത വാക്കുകളിൽ അല്ല, ജീവിതത്തിലാണ് തെളിയുന്നത്. ദൈവത്തെ സത്യമായി ബഹുമാനിക്കുന്നവൻ വചനത്തെ ലഘുവായി ഉപയോഗിക്കില്ല, ദൈവനാമം ദുരുപയോഗം ചെയ്യില്ല, സത്യം പറയുമ്പോൾ പോലും വിനയത്തോടെയും ഉത്തരവാദിത്വത്തോടെയും സംസാരിക്കും.

ദൈവനാമവും ദൈവവചനവും മനുഷ്യന്റെ കൈകളിൽ ഉള്ള സാധാരണ ഉപകരണങ്ങൾ അല്ല. അവ വിശുദ്ധതയുടെ തീയാണ്. ആത്മീയ വിവേചനമില്ലാതെ കൈകാര്യം ചെയ്താൽ അത് ആത്മീയ നാശത്തിലേക്കാണ് നയിക്കുന്നത്.

**അതിനാൽ ഓരോ വിശ്വാസിയും മനസ്സിലാക്കേണ്ടത് ഇതാണ്:**
**ദൈവത്തെ ആരാധിക്കുന്നത് വാക്കുകളിലൂടെ മാത്രമല്ല, ദൈവത്തെ ബഹുമാനിക്കുന്നത് ജീവിതത്തിലൂടെയാണ്. ദൈവവചനം ജീവിക്കേണ്ടതാണ്, ദുരുപയോഗം ചെയ്യേണ്ടതല്ല.**



Johanna Toms

"When god gives us becomes a blessing to many when we faithfully share it with others"



For anyone who is leaving their family and nation to study or work abroad, the churches in other countries provide solace. Through the many events planned by these types of church communities, we can recapture many of the things that individuals living abroad miss about their home country. I'm giving a testimony regarding something that happened recently in my own life.

Attending the Bible Camp organized by Faith City Church, Saint John, was one of the most meaningful spiritual experiences I have had in recent times. Over the past few years, this church has been a strong pillar of support in my life, and this camp came at a time when I especially needed encouragement, peace, and spiritual strength.

I attended the camp during a period when life felt especially heavy. I was carrying a lot of stress, pressure, emotional pain, disappointments, and experiences that had left me feeling mentally and spiritually exhausted. However, throughout the camp, I felt God speaking to me in a very personal way.

The sessions led by Pastor Jacob Mathew were powerful, inspiring, and deeply touching. They helped me reflect on my life, strengthen my faith, and reminded me that even during difficult seasons, God is still present and working in ways we may not always understand.

I came away feeling spiritually renewed, mentally strengthened, and more encouraged to place my trust in God and His plans for my life. The opportunity to spend time in God's presence and learn more from His Word was truly valuable to me.

What made the camp even more special was the love and fellowship I experienced from everyone. Pastor Sachin and his family, along with all the church members, were extremely welcoming, caring, and supportive. It was not only a place for spiritual learning, but also a place where we could enjoy fellowship, participate in fun activities, build relationships, and genuinely feel cared for as part of a church family.

For me, this camp was much more than just a few days away from everyday life. It became a time of healing, encouragement, reflection, and spiritual renewal. I am truly grateful that I had the opportunity to attend this camp. It was worth every moment, and I believe it came into my life at exactly the right time.

I thank God for Faith City Church, Pastor Sachin and his family, Pastor Jacob Mathew, all the church members, and everyone who worked hard to organize the camp. I am grateful for the atmosphere they created, where we could experience God's presence, grow in His Word, and strengthen one another in faith.

This camp will always remain a special and meaningful memory in my spiritual journey.



Stephy Johnson




























Enjoyed my time ministering at Faith City Church in Saint John, Canada. Special thanks to Pastor Sachin and his wife Sneha for hosting me, and inviting me to minister at your Church retreat! This is a young Church planted by God three years ago in Saint John. God moved in a powerful way at two nights of altar-calls! We witnessed inner healings, deliverance, salvation and impartations! Praying for Christ to enlarge this young Church for Abba's Glory!







Pastor JACOB MATHEW
Guest Speaker
IGNITE 2026

ignite 2026 *Golden Moments*










The three days at St. John- Faith City Church, Bible Camp on Sept 2026 were a truly special and memorable experience, especially because it was my first time staying on the camp premises. I was blessed by the warm fellowship, meaningful Bible teaching, fun games, and the opportunity to spend quality time with fellow believers. Kayaking was a surprisingly enjoyable and unforgettable experience that added a wonderful touch to the camp.

















The camp was truly a blessing to me, my son, and Mrs. Komala (visiting from India). Our souls were spiritually nourished in the presence of the Lord through prayer, meditation on the theme "Salt and Light of the World," prophecies, and worship. What touched me deeply was the love, compassion, and kindness that everyone showed toward one another. There was such a beautiful sense of unity and fellowship.

Maria Shirley Divya

ignite 2026 *Golden Moments*



Come as You are... Grow in Faith... Find Your Family...

Faith City Church
SAINT JOHN

# FAITH CITY CHURCH

Saint John, Canada

*Our Services*

**EVERY SUNDAY**

9.30 AM - 11.00 AM
(English Service)
11.30 AM - 1.00 PM
(Malayalam Service)

**EVERY SATURDAY**

9.00 AM - 10.30 AM
Bible Study
(Online - Zoom)

509 Woodward Avenue,
Saint John, New Brunswick

+1(506)898-4691 | www.faithcitychurch.in | Faith City Church